# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3810** **23.08.2017-ൽ മറുപടിക്ക്**

സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | 2017 മാർച്ച് മാസത്തോടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം നടപ്പിലാക്കാനായി ഉപഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആവിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഉപഭോക്താക്കൾക്ക് ആയതിനുള്ള ധനസ്രോതസ്സ് കണ്ടെത്തി വയറിംഗ് നടത്തുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സാമൂഹിക ഉന്നമനത്തിനായി ഒരു ബൃഹത്പദ്ധതിയാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ നടപ്പിലാക്കിയത് .<br><br>സമ്പൂർണ്ണ വൈദ്യുതീകരണ യജ്ഞത്തിന്റെ ഭാഗമായി വൈദ്യുതി ലൈൻ എത്തിപ്പെട്ടിട്ടില്ലാത്ത ഒറ്റപ്പെട്ട, ഉൾനാടൻ പ്രദേശങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതീകരിക്കുന്ന പദ്ധതിയാണ് കെ. എസ്. ഇ. ബി നടപ്പിലാക്കിയിട്ടുള്ളത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് കണ്ണൂർ എന്നീ ജില്ലകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളായ 257 കുടുംബങ്ങളെ കണ്ടെത്തുകയും അവിടേയ്ക്ക് മേൽപ്രകാരം സൗരനിലയം സ്ഥാപിക്കാനുള്ള കരാറിലേർപ്പെടുകയും ചെയ്തു. ഈ പദ്ധതി പ്രകാരം പരിമിത ഗാർഹിക ഉപഭോഗം നിജപ്പെടുത്തിയതിനാൽ ജനങ്ങൾ എതിർപ്പ് രേഖപ്പെടുത്തുകയും തന്മൂലം പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. നൂതന ഗാർഹിക ഉപകരണങ്ങൾ പ്രവർത്തിയ്ക്കാൻ കഴിയുന്ന വൈദ്യുതി ശൃംഖലയാണ് ഇവർ പ്രതീക്ഷിക്കുന്നത് ആയതിനാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി യ്ക്ക് ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. |
| (ബി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എം. എൽ. എ. ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഭരണാനുമതി ലഭിച്ച പദ്ധതികളിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; | (ബി) & (സി) | 16.08.2017 ലെ കണക്കുകൾ പ്രകാരം 127 എം.എൽ.എ മാരിൽ നിന്നായി 36.98 കോടി രൂപ (28.34 കോടി രൂപ ആസ്തിവികസന ഫണ്ടിൽനിന്നും, 8.64 കോടി രൂപ പ്രത്യേക വികസന ഫണ്ടിൽ നിന്നും) ലഭ്യമാക്കുന്നതിന് നിയമസഭാ സാമാജികരുടെ ഉറപ്പ് ലഭിച്ചിട്ടുണ്ട്. ഇതിൽ 75 എം.എൽ.എ മാരുടെ ആസ്തിവികസന ഫണ്ടിനായുള്ള എസ്റ്റിമേറ്റ് ലഭ്യമായതിൽ 68 എണ്ണത്തിനുള്ള ഭരണാനുമതി (23.84 കോടി രൂപ) നൽകിയിട്ടുണ്ട്. 51 എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള ഉറപ്പ് ലഭിച്ചതിൽ ഇതുവരെ 8.54 കോടി രൂപ ലഭിച്ചിട്ടുണ്ട്. <br> Supplementary Demand For Grants 2016-17 പ്രകാരം 20 കോടി രൂപ ആസ്തിവികസന ഫണ്ടിൽ നിന്നും സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി വകയിരുത്തിയിരുന്നു. ഇതിൽ 15 കോടി രൂപ കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ചിട്ടുണ്ട്. <br> സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി വൈദ്യുത വിതരണ ശൃംഖല വിപുലപ്പെടുത്തിനായി എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗപ്പെടുത്തി എച്ച്.റ്റി, എൽ.റ്റി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ |
| (സി) | എം.എൽ.എ.ഫണ്ട് ലഭ്യമായവയിൽ സമ്പൂർണ്ണ വൈദ്യുതീകരണം എപ്പോൾ പൂർത്തിയാകും; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കൽ, സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് കൺവർഷൻ തുടങ്ങി പ്രവർത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്.<br>റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതും വനം വകുപ്പിന്റെ അനുമതി ലഭിക്കാനുള്ളതുമായ ഏതാനും ഉപഭോക്താക്കളും EHT ടവർ സ്ഥാപിച്ച് കായലിനു കുറുകെ 320 മീറ്റർ എൽ.റ്റി ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ നൽകേണ്ട മാട്ടേൽ തുരുത്തിലെ പത്ത് കണക്ഷനുകളും ഒഴിച്ച് എല്ലാ പ്രവർത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. ഇവയും ഉടൻ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**